# കേരളസർവകലാശാല

നം.പി.ആർ.29/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2020
### എസ്.സി/ എസ്.ടി സ്പോട്ട് അലോട്ട്മെന്റ് – ഫെബ്രുവരി 08 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി/ഐ.എച്ച്.ആർ.ഡി.കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള എസ്.സി/ എസ്.ടി സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് കാര്യവട്ടത്തുള്ള യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ഫെബ്രുവരി 08 ന് നടത്തും.

പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം രാവിലെ 10 ന് ഹാജരായി റിപ്പോർട്ട് ചെയ്യണം. വിവിധ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയവ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ പ്രാക്ടിക്കൽ (വൊക്കേഷണൽ –മൈക്രോബയോളജി) ഫെബ്രുവരി 8 മുതൽ അതത് കേന്ദ്രങ്ങളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്.സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ 2021 ഫെബ്രുവരി 9, 10, 11 തീയതികളിൽ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക്. സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് (351) പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 9 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ ആരംഭിക്കുന്ന ബി.ആർക്ക്. (2013 സ്കീം) കമ്പൈൻഡ് ഒന്ന്-രണ്ട്, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഫെബ്രുവരി 22 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (വിദൂരവിദ്യാഭ്യാസവിഭാഗം 2019 അഡ്മിഷൻ റെഗുലർ, 2017 & 2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. കാര്യവട്ടത്തുള്ള വിദൂരവിദ്യാഭ്യാസ വിഭാഗമാണ് (എസ്.ഡി.ഇ.) പരീക്ഷാകേന്ദ്രം.

## സമ്പർക്ക ക്ലാസ്

കേരളസർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഒന്നാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്കുള്ള (2020 അഡ്മിഷൻ) സമ്പർക്ക ക്ലാസുകൾ ഓൺലൈനായി ഫെബ്രുവരി 6 ന് ആരംഭിക്കും. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## സീറ്റ് ഒഴിവ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എം.ഫിൽ. 2020-2021 ബാച്ചിലേക്കുള്ള പ്രവേശനത്തിന് ബോട്ടണി, കെമിസ്ട്രി, ഇംഗ്ലീഷ്, ഹിന്ദി ഡിപ്പാർട്ട്മെന്റിൽ എസ്.സി. വിഭാഗത്തിന് ഓരോ സീറ്റും ബോട്ടണി, ഇക്കണോമിക്സ്, ഹിന്ദി, മലയാളം ഡിപ്പാർട്ട്മെന്റുകളിൽ എസ്.ടി. വിഭാഗത്തിന് ഓരോ സീറ്റും ഒഴിവുണ്ട്. സംസ്കൃത കോളേജിൽ എം.ഫിലിന് ഒരു എസ്.സി. സീറ്റും ഒരു എസ്.ടി. സീറ്റും ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അതാത് ഡിപ്പാർട്ട്മെന്റുകളിൽ ഫെബ്രുവരി 8 ന് 10 മണിക്ക് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല എം.ഫിൽ. 2020-2021 ബാച്ചിലേക്കുള്ള പ്രവേശനത്തിന് ഫിസിക്സ്, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, ബോട്ടണി, തമിഴ്, ഒപ്റ്റോഇലക്ട്രോണിക്സ്, ബയോകെമിസ്ട്രി, എൻവയോൺമെന്റൽ സയൻസ്, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, കെമിസ്ട്രി, നാനോസയൻസ്, മാനുസ്ക്രിപ്റ്റോളജി, കൊമേഴ്സ്, ഫ്യൂച്ചേഴ്സ് സ്റ്റഡീസ് എന്നീ കോഴ്സുകളിലേക്ക് എസ്.സി./എസ്.ടി. സീറ്റുകളിൽ ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കാര്യവട്ടം ക്യാമ്പസിലെ അതാത് ഡിപ്പാർട്ട്മെന്റുകളിൽ ഫെബ്രുവരി 9 ന് 10 മണിക്ക് ഹാജരാകേണ്ടതാണ്.

## സന്ദർശകർക്ക് നിയന്ത്രണം

CM @ Campus പരിപാടി നടക്കുന്നതിനാൽ കേരളസർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിൽ അക്കാദമിക് ആവശ്യങ്ങൾക്ക് വരുന്ന സന്ദർശകർക്ക് നാളെ (ഫെബ്രുവരി 6, ശനി) ഉച്ചയ്ക്ക് 1 മണി വരെ നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
05.02.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** website: **www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**